Week - 2

## Weekly Devotion -May

# Evaluation of God- stage (6)

## (ദൈവീക മൂല്യനിർണ്ണയം ഘട്ടം (6)




രാവിലെ വിദ്യാലയത്തിലേക്ക് പോകുവാനിറങ്ങുന്ന കുട്ടിയ്ക്ക് അമ്മ പതിവായി നൽകുന്ന ഉപദേശം കേട്ട് അയൽപക്കത്തുള്ള വല്യമ്മ ചോദിച്ചു. "ക്ലാസ്സിൽ മൂന്നാംസ്ഥാനം ആകണം എന്ന് കുഞ്ഞിനോട് എന്തിനാണ് പറയുന്നത്" ദൈവത്തിന് എല്ലാകാര്യത്തിലും ഒന്നാംസ്ഥാനവും സഹപാഠികൾക്ക് രണ്ടാംസ്ഥാനവും നൽകണമെന്നുള്ള എന്റെ ഉപദേശം കേട്ടനുസരിക്കുന്നതിനാൽ എല്ലാ പരീക്ഷയ്ക്കും school ൽ അവൾക്ക് ഒന്നാംസ്ഥാനമാണ്.മറ്റുള്ളവരെ ഏതുവിധേനയും തോല്പിച്ച് ഒന്നാംസ്ഥനത്താകണമെന്ന് നിർബന്ധിച്ചാൽ കുട്ടികൾ ജയാളികളാകുന്നില്ല. മറിച്ച് ഭീരുക്കളും അസൂയാലുക്കളും ആയിത്തീരുന്നു. ഇവർ സ്വന്തപ്രാപ്തി വർദ്ധിപ്പിക്കുന്നതിനേക്കാൾ അന്യന്റെ മത്സരക്ഷമത നശിപ്പിച്ച് ആനന്ദം കണ്ടെത്തുന്നു. ലക്ഷ്യം മാറുന്നതനുസരിച്ച് ഗുണനിലവാരവും പ്രവർത്തനരീതികളും മാറുകയും ചെയ്യുന്നു. മറ്റുള്ളവരെ തകർക്കാതെ രക്ഷിക്കുന്നവനെ ദൈവം സഹായിക്കുന്നു.

ആത്മീയ ജീവിതത്തിലും ഈ ഗുണങ്ങൾ ആവശ്യമാണ്. പ്രവർത്തി, സഹിഷ്ണത, ദൈവവചനം കാത്തുസൂക്ഷിക്കുക എന്ന ഉപദേശങ്ങൾ സൂക്ഷിക്കുന്നവർക്ക് മാത്രമേ ജയാളികളാകുവാൻ കഴിയുകയുള്ളു. വെളി: (3:7-10)

മൂല്യനിർണ്ണയത്തിന്റെ 6-ാംഘട്ടം വിധേയരാകുന്നവർ ഫിലദെൽഫിയാ സഭയിലുള്ളവരാണ് മൂല്യനിർണ്ണയം നടത്തുന്ന ഗുരുവിന് മൂന്നു പ്രത്യേകതകൾ കാണുന്നു. (1) വിശുദ്ധൻ (2) സത്യവാൻ (3) ദാവീദിന്റെ താക്കോൽ ഉള്ളവൻ. താക്കോൽ അധികാരത്തിന്റെ ചിഹ്നമാണ് അതായതു മൂല്യനിർണ്ണയം നടത്തുന്ന ഗുരു സകലത്തിന്റെയും പരമാധികാരിയാണ്.

വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് ചിലവാഗ്ദത്തങ്ങൾ ലഭിക്കാറുണ്ട് . "ഞങ്ങളുടെ ഈ Course (പരസ്യങ്ങൾ പലതും) പഠിച്ചാൽ വിദേശത്ത് നല്ല ശമ്പളത്തിൽ ജോലിചെയ്യാം". വിദേശം എന്ന് കേൾക്കുമ്പോൾ കുഞ്ഞുങ്ങളെത്തി പഠനം തുടങ്ങും. പഠനം പൂർത്തിയാക്കുമ്പോഴാണ് അറിയുന്നത് ഈ Course കൾ അംഗീകൃതമല്ലെന്ന്. നമ്മുടെ ഗുരു തരുന്ന വാഗ്ദത്തങ്ങൾ സത്യമാണ്. അദ്ദേഹത്തിന്റെ വാക്കനുസരിച്ച് പ്രവർത്തിക്കുമ്പോൾ പ്രതികൂലങ്ങളെ സഹിഷ്ണതയോടെ നേരിടാനുള്ള കഴിവും ലഭിക്കുന്നു.ആർക്കും അടയ്ക്കുവാൻ കഴിയാത്ത വാതിൽ നമ്മുടെ മുൻപിൽ തുറക്കുന്നു.ആത്മീയമായി ഉയർത്തുന്ന ഈ വാതിൽ സുവിശേഷഘോഷണത്തിന്റെയോ (1 കൊരി : 16:9)ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നതോ
(അപ്പോ:പ്ര 14:27) ആകാം. ഈ തുറന്ന വാതിൽ പ്രാർത്ഥനയുടെ വാതിലുമാകാം. പത്മോസോ കൽത്തുറുങ്കോ തീച്ചൂളയോ എവിടേക്കുള്ള വാതിലായാലും തുറന്നതു യജമാനനാണ്.ധൈര്യത്തോടെ മുൻപോട്ടു പോകുക. യഹോവ കൂടെയുള്ളതിനാൽ ജയാളിയാകും.

നമ്മെ പൂർണ്ണമായി അറിയുന്ന ഗുരു ഏത് പ്രവർത്തിയും ശ്രദ്ധിക്കുന്നവനാണ്. പ്രതികൂലങ്ങളിൽ അല്പം ശക്തിയേ ഉള്ളു എന്ന സ്ഥിതിയിലും യേശുവിന്റെ നാമം മുറുകെ പിടിച്ചവരെ ഭൂതലത്തിലെ പരീക്ഷാ കാലത്ത് സംരക്ഷിക്കുമെന്ന് സർവ്വശക്തൻ വാഗ്ദത്തം തന്നിട്ടുണ്ട്. സർവ്വശക്തനും സർവ്വജ്ഞാനിയുമായ ഗുരു പരീക്ഷ അഭിമുഖീകരിപ്പാൻ ശക്തിനൽകുന്നു.

ജയാളികളാകുന്നവർക്ക് ഗുരു ഒരു പ്രത്യേക നിർദ്ദേശം നൽകുന്നുണ്ട്. അലസത,പണമോഹം ഇവ ശത്രു ഇടുന്ന വിഷവിത്തുകളാണ് .അതിനാൽ ഗുരു വരുന്നതുവരെ ഒരോരുത്തരും അവരുടെ പദവികൾ, ഏല്പിച്ച ജോലി ഇവ സൂക്ഷിക്കണം എന്നുള്ളതാണ്

നഷ്ടപ്പെടുത്തിയാൽ ആ പദവി മറ്റൊരാൾക്ക് നൽകും. ഉദാ: ശൗൽ രാജാവിന് രാജസ്ഥാനം നഷ്ടമായപ്പോൾ ദാവീവിന് യഹോവ അതു നൽകി.
(2) ഏശാവ് അലക്ഷ്യമാക്കിയ ജ്യേഷ്ഠാവകാശം
യാക്കോബിനു ലഭിച്ചത്.

## ജയാളികൾക്ക് ലഭിക്കുന്ന "5" സമ്മാനങ്ങൾ

### (വെളി: 3:12)

**(1.)ദൈവത്തിന്റെ ആലയത്തിൽ തുൺ ആക്കും.**

കെട്ടിടത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് മനോഹരമായ തൂണുകൾ.അതുപോലെ നിത്യതയിലെ പ്രധാന സ്ഥാനമാണ് ജയാളികൾക്ക് ലഭിക്കുന്നത്.

**(2) ഒരിക്കലും വിട്ടുപോകാത്ത സ്ഥാനം**

ഈലോകത്തിലെ സ്ഥാനം താല്ക്കാലികമാണ്. എന്നാൽ ദൈവം നൽകുന്ന പദവി ജയാളിയ്ക്ക് നിത്യത മുഴുവൻ ലഭിക്കുന്നു.

**(3)ദൈവനാമം എഴുതപ്പെടും**

Look -യെശ(42:8)

ലോകം ഏതു മഹാന്റെ പേർ വിളിച്ചാലും ആ വ്യക്തിയുടെ പദവി ലഭിക്കുന്നില്ല. ജയാളികൾക്ക് നമ്മുടെ കർത്താവ് നൽകുന്ന പേര് രാജാധിരാജാവും കർത്താധികർത്താവുമായവന്റെ പേരാണ് ദൈവമക്കൾക്ക് അതു ഒരു പദവിയാണ്.

**(4) <u>പുതിയ യെറുശലേമിന്റെ പേര് എഴുതും</u>**

ജയാളികൾക്ക് ലഭിക്കുന്ന ഈ നാമം പ്രത്യേക പദവിയേയും അധികാരത്തേയും കാണിക്കുന്നു.

**(5)അവനല്ലാതെ മറ്റാർക്കും അറിഞ്ഞുകുടാത്ത കർത്താവിന്റെ നാമം ഈ ജയാളിയുടെ മേൽ എഴുതും.**

പ്രതിഫലം ലഭ്യമാകുന്ന സഭയായി വളരുവാൻ നാം-ആയിരിക്കുന്ന സഭയെ ഒരുക്കി നമുക്കും ജയാളികളാകാം. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg